# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

02.07.2014 ലെ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 5819

### ഗോഡ്സ് ഓൺ കൺട്രി - പീപ്പിൾസ് ഓൺ ടൂറിസം പദ്ധതി

**ചോദ്യം**

ശ്രീ. ഇ. കെ. വിജയൻ

എ) ഗോഡ്സ് ഓൺ കൺട്രി - പീപ്പിൾസ് ഓൺ ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

**ഉത്തരം**

ശ്രീ. എ.പി.അനിൽകുമാർ
(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

(എ)യും (ബി)യും വിനോദസഞ്ചാര മേഖലയുടെ സുസ്ഥിര വികസനം ലക്ഷ്യമാക്കി രൂപം നൽകുന്ന "ഗോഡ്സ് ഓൺ കൺട്രി - പീപ്പിൾസ് ഓൺ ടൂറിസം" എന്ന ജനകീയ ടൂറിസം പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. വിനോദസഞ്ചാര വികസനം ജനങ്ങളിലൂടെ ജനങ്ങൾക്കുവേണ്ടി എന്ന ആശയമാണ് ഇതുവഴി സാദ്ധ്യമാക്കുക. സാംസ്കാരിക, പാരിസ്ഥിതിക പൈതൃകങ്ങൾ സംരക്ഷിച്ചുകൊണ്ടും സാധാരണ ജനജീവിതത്തിന് പ്രതിബന്ധം സൃഷ്ടിക്കാതെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ വികസന പദ്ധതികളുമായി സംയോജിപ്പിച്ചുമാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ തദ്ദേശീയരുടെ പങ്കാളിത്തം ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സമൂഹത്തിലെ സമ്പന്ന വിഭാഗത്തിന്റെ വിനോദോപാധിയെന്ന നിലയിൽ നിന്ന് വിനോദസഞ്ചാര പ്രവർത്തനങ്ങളുടെ മേൽനോട്ടം സാധാരണക്കാർക്കുകൂടി ലഭ്യമാക്കികൊണ്ട് ജനകീയ ടൂറിസം എന്ന ആശയം യാഥാർത്ഥ്യമാക്കാനാണ് ഇതുവഴി ശ്രമിക്കുന്നത്. വിനോദസഞ്ചാര വികസനത്തിനായി നടപ്പാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ തദ്ദേശവാസികളുടെ ആവശ്യങ്ങൾ കൂടി പരിഗണിച്ചാവും ആസൂത്രണം ചെയ്ത് നിർവ്വഹിക്കുക.

സെക്ഷൻ ഓഫീസർ